1. സ്ഥാപനത്തിന്റെ പേര് : ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, പയ്യന്നൂർ

ക്രമ നമ്പർ	നൽകിവരുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേണ്ട രീതി	അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ	സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ എടുക്കുന്ന കാലയളവ്	അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകാൻ എടുക്കുന്ന സമയം	സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥൻ	റിമാർക്സ്
1	2	3	4	5	6	7	8	9
1	പ്രധാനമന്ത്രി ആവാസ് യോജന ഭവന പദ്ധതി (PMAY)	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും, സ്വന്തമായി രണ്ടുസെന്റ് ഭൂമിയെങ്കിലും ഉള്ളവരും, വാസയോഗ്യമായ വീടില്ലാത്തവരുമായ കുടുംബം ഗ്രാമസഭകൾ മുഖേന തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റിൽ നിന്നും ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ അംഗീകാരത്തോടെ ധനസഹായം അനുവദിക്കുന്നു. കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. കുടുംബത്തിലെ ഭർത്താവിന്റെയും, ഭാര്യയുടെയും കൂട്ടായ പേരിലും വീട് അനുവദിക്കും. വീടിന്റെ തറ വിസ്തീർണ്ണം 25 ച.മീറ്ററിനും, 40 ച.മീറ്ററിനും ഇടയ്ക്കും ആയിരിക്കണം. 3% വികലാംഗർ 15% ന്യൂനപക്ഷം	ഗ്രാമസഭയിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അച്ചടിച്ച് നൽകുന്ന ഫോറത്തിൽ അപേക്ഷ നൽകണം. തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി കൊടുക്കുന്ന അപേക്ഷാഫോറത്തിൽ അതത് ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശുപാർശ സഹിതം അപേക്ഷിച്ചാൽ ഗഡുക്കളായി ധനസഹായം അനുവദിക്കും. SECC ലിസ്റ്റിലുള്ളവരെ പരിഗണിക്കും	1. കൈവശാവകാശ സർട്ടിഫിക്കറ്റ് 2. രൂപയുടെ മുദ്രകടലാസിൽ കരാർ പത്രം 3. 4 പാസ്പോർട്ട് സൈസ് ഫോട്ടോ 4. ഭാര്യയുടെയോ, ഭർത്താവിന്റെയോ പേരിൽ വാസയോഗ്യമായ വീടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് 5. ദാരിദ്ര്യരേഖക്ക് താഴെ ഉള്ളവരാണ് എന്ന സർട്ടിഫിക്കറ്റ് 6. ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ)	അപേക്ഷ ലഭിച്ച അന്നോ അടുത്ത ദിവസമോ	ഒരാഴ്ച	BP Sec	ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് സംസ്ഥാന സർക്കാർ വിഹിതവും അനുവദിക്കുക.

സ്ഥാപനത്തിന്റെ പേര് : ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, പയ്യന്നൂർ

ക്രമ നമ്പർ	നൽകിവരുന്ന സേവനങ്ങൾ	അർഹത	അപേക്ഷ നൽകേണ്ട രീതി	അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ	സേവനങ്ങൾ/ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ എടുക്കുന്ന കാലയളവ്	അർഹതയില്ലാത്ത പക്ഷം അവ മടക്കി നൽകാൻ എടുക്കുന്ന സമയം	സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥൻ	റിമാർക്സ്
1	2	3	4	5	6	7	8	9
	ബി.പി.എൽ. സർട്ടിഫിക്കറ്റ്	BPL കുടുംബം	വെള്ളക്കടലാസിൽ	റേഷൻ കാർഡിന്റെ പകർപ്പ് സ്ഥലം വി.ഇ.ഒ. യുടെ ശുപാർശ	അര ദിവസം	തത്സമയം	BP Sec	

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്
വികസന വിദ്യാകേന്ദ്രം, മാത്തിൽ

തസ്തിക – വികസനവിദ്യാകേന്ദ്രം പ്രേരക്
ഓഫീസ് – കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു.
ചുമതലകൾ: ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പഞ്ചായത്തുകളിൽ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ തുടർവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളുടെ അവലോകനം, തുടർവിദ്യാകേന്ദ്രങ്ങളുടെ മോണിറ്ററിംഗ്, സാക്ഷരതാമിഷന്റെ ലക്ഷ്യാധിഷ്ഠിത പരിപാടികളായ സാക്ഷരത, തുല്യത-IV, VII, Xതുല്യത പരിപാടികളുടെ സംഘാടനം, മോണിറ്ററിംഗ് മുതലായവ. കൂടാതെ തുടർവിദ്യാഭ്യാസ പ്രവർത്തന പരിപാടികളുടെ സംഘാടനം, മോണിറ്ററിംഗ് മുതലായവ.
വികസന വിദ്യാകേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ.

1. നിരക്ഷരരായ പഠിതാക്കൾക്ക് ആവശ്യമായ പഠനസൗകര്യം ലഭ്യമാക്കുന്നു. വയസ്സ് പരിധിയില്ല.
2. 4-ാം തരം തുല്യത ക്ലാസ്സ്-ഔപചാരികമായി 4-ാം തരം പാസ്സാകാൻ സാധിക്കാത്തവർക്ക് അതിന് അവസരം ഒരുക്കികൊടുക്കുന്നു. സാക്ഷരതാമിഷൻ നിർദ്ദേശിക്കുന്ന സമയത്ത് രജിസ്ട്രേഷൻ അനുവദിക്കും.
3. 7-ാം തരം തുല്യതാ പരിപാടി 4-ാം തരം ഔപചാരിക വിദ്യാഭ്യാസം നേടിയവർക്കും തുല്യതാ പരിപാടിയിലൂടെ നാലാംതരം പാസ്സായവർക്കും 7-ാം തരം തുല്യതാ പരിപാടിയുടെ ഗുണഭോക്താക്കളാകാം. സാക്ഷരതാമിഷൻ നിർദ്ദേശിക്കുന്ന സമയത്ത് രജിസ്ട്രേഷൻ.
4. 10-ാം തരം തുല്യതാ പരിപാടി: പലവിധ കാരണങ്ങളാൽ ഔപചാരികമായി പത്താംതരം പാസ്സാകാൻ സാധിക്കാത്തവർക്ക് 10-ാം തരം തുല്യതാപരിപാടിയിൽ ചേരാം. 18 വയസ്സ് പൂർത്തിയായിരിക്കണം. 7-ാം തരം ഔപചാരികമായി പാസ്സായവർക്കും 7-ാം തരം തുല്യത ജയിച്ചവർക്കും അപേക്ഷിക്കാം.
അപേക്ഷാഫീസ്-1200-പരീക്ഷാഫീസ്-300രൂപ-രജിസ്ട്രേഷൻ മെയ്-ജൂൺ മാസങ്ങളിൽ.
5. ബോധവൽക്കരണ പരിപാടി: പഠിതാക്കൾക്കും പ്രവർത്തകർക്കും വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
6. വരുമാന വർദ്ധക പരിപാടി : പഠിതാക്കൾക്ക് വേണ്ടി വിവിധ തൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും അതുവഴി അവരുടെ വരുമാനം വർദ്ധിപ്പിക്കുന്ന പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നു.
7. വ്യക്തിത്വവികസന പരിപാടി : പഠിതാക്കളിൽ അന്തർലീനമായിട്ടുള്ള കഴിവുകളെ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കുന്നു.
8. ഇൻഫർമേഷൻ സെന്റർ, ലൈബ്രറി തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നു.
9. പ്ലസ് വൺ, പ്ലസ് ടു തുല്ല്യതാ കോഴ്സ്, 22 വയസ്സ് പൂർത്തിയായവർക്കും, പത്താംക്ലാസ് വിജയിച്ചവർക്കും.
10. അച്ചി ഹിന്ദി ഗുഡ് ഇംഗ്ലീഷ് പച്ച മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്
11. നവചേതന പട്ടികജാതി കോളനി സാക്ഷരതാ പരിപാടി